പി4 /13804/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 06/02/2019

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്:- ന്യൂ ഇനിഷിയേറ്റീവ്സ് ഇൻ ഹയർ എഡ്യൂക്കേഷൻ - WWS/SSP പദ്ധതികൾ - 2018 - 19 ഫണ്ടിന്റെ സെറ്റിൽമെന്റ് സംബന്ധിച്ച്

സൂചന:-
1. 13/12/2018 - ലെ ഇതേ നമ്പർ സർക്കുലർ
2. 24/10/2018 - ലെ പി4/32225/കോ.വി.വ നമ്പർ ഉത്തരവ്.
3. 29/10/2018 - ലെ പി432224/കോ.വി.വ നമ്പർ ഉത്തരവ്.
4. 23.01.2019-ലെ പി4/32224/കോ.വി.വ നമ്പർ ഉത്തരവ്

വിവിധ WWS/SSP പ്രോഗ്രാമുകൾക്കായി എയ്ഡഡ് കോളേജുകൾക്കുള്ള ഫണ്ട് സൂചന 2,3,4 പ്രകാരം അതാത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം നൽകിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. WWS/SSP പ്രോഗ്രാമുകൾക്ക് അനുവദിച്ച ഫണ്ടുകൾ വിനിയോഗിച്ച് 28/02/2019 - ന് മുൻപായി സെറ്റിൽമെന്റ് നടത്തേണ്ടതാണ്.

2. പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ ബില്ലുകളും വൗച്ചറുകളും അതാത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സമർപ്പിച്ച് മേലൊപ്പ് ചാർത്തി അതാത് ട്രഷറിയിൽ നിന്നും ബില്ല് മാറേണ്ട താണ്. കൂടാതെ ബില്ലുകളുടെയും വൗച്ചറുകളുടെയും രണ്ട് പകർപ്പുകൾ, ധന വിനിയോഗ സ്റ്റേറ്റ്മെന്റ്, കോ - ഓർഡിനേറ്ററുടെ റിപ്പോർട്ട്, വിദ്യാർത്ഥികളുടെ അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ്, ഫീഡ് ബാക്ക് റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവയും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടരമാർക്ക് സമർപ്പിക്കേണ്ടതാണ്.

3. അനുവദിച്ച തുക വിനിയോഗിക്കാത്ത പക്ഷം തുക അനുവദിച്ച ശീർഷകങ്ങളിൽ തന്നെ 15/03/2019 മുൻപായി തുക തിരിച്ചടയ്ക്കേണ്ടതും, തുക തിരിച്ചടച്ച ചെല്ലാന്റെ ഒറിജിനൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

4. 31/03/2019 - ന് ശേഷം തിരിച്ചടക്കുന്ന തുകയ്ക്ക് 18% പിഴ പലിശ ഈടാക്കുന്നതാണ്.

5. ഫണ്ട് വിനിയോഗം പൂർത്തിയായാലുടൻ തന്നെ പ്രോഗ്രാമുകളുടെ ഗുണഭോക്താക്കളുടെ എണ്ണം (ആൺ കുട്ടികൾ/പെൺകുട്ടികൾ വേർതിരിച്ച്) റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ രണ്ട് പകർപ്പുകൾ സ്റ്റേറ്റ് കോ- ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ട താണ്.

Jayasree M.A

ജയശ്രീ.എം.എ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

912023